"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ ജില്ലാ ഓഫീസുകളിൽ കരാറടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ/മൾട്ടി ടാസ്ക് പേഴ്സൺമാരായി ജോലി നോക്കുന്ന ജീവനക്കാരുടെ കരാർ വേതനം - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1393/2026/LSGD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:- 1. സ.ഉ.(പി) നം.54/2025/ധന തീയതി 19/04/2025

2. സ.ഉ.(സാധാ) നം.2245/2025/തസ്വഭവ തീയതി 19/09/2025

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/09/2025 ലെ എൽ.എം 4/703/2023 നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് മിഷൻ ജില്ലാ ഓഫീസുകളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ/മൾട്ടി ടാസ്ക് പേഴ്സണൽസ് (എം.ടി.പി.) ജീവനക്കാരുടെ കരാർ ദീർഘിപ്പിക്കുന്നതിന് പരാമർശം 2 പ്രകാരം നൽകിയ അനുമതി ഉത്തരവിൽ, കരാർ ജീവനക്കാരുടെ സേവനവേതന നിരക്കുകൾ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടെ പ്രതിമാസ കരാർ വേതനം ₹21,175/- ആയി നിശ്ചയിച്ച് നൽകിയിരുന്നു.

2) എന്നാൽ, പരാമർശം 1 പ്രകാരം ഡേറ്റാ എൻട്രി ഓപ്പറേറ്റർ/മൾട്ടി ടാസ്ക് പേഴ്സണൽസ് (എം.ടി.പി.) ജീവനക്കാരുടെ പ്രതിമാസ കരാർ വേതനം ₹22,240/- ആണെന്നും, ഇക്കാര്യത്തിൽ വ്യക്തത നൽകണമെന്നും പരാമർശം 3 പ്രകാരം ലൈഫ് മിഷൻ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2 പ്രകാരം കരാർ ദീർഘിപ്പിച്ചു നൽകിയ ലൈഫ് മിഷൻ ജില്ലാ ഓഫീസുകളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ /മൾട്ടി ടാസ്ക് പേഴ്സണൽസ് (എം.ടി.പി) ജീവനക്കാരുടെ പ്രതിമാസ കരാർ വേതനം, പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22,240 രൂപയായി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്,Statue, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ( സിഇഒ ലൈഫ് മിഷൻ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/207/2024-FIN) പ്രകാരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ